# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാങ്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.13/835/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.13/835/2021 തീയ്യതി: 30/09/2021

## ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-11-2019 മുതൽ 30-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സി. ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 08-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-08-2021 | 08-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.യു.സണ്ണി, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഇ.വി.ജിബി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കെ.അഭിലാഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.റ്റി.റ്റി.മുഹമ്മദ് ഫാസിൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജി മാത്യു | പ്രസിഡന്റ് | 01-04-2020 | 01-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 02-11-2020 | 29-12-2020 |
| ശ്രീമതി വിനീത സജീവൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ എസ്. സുനിൽ | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ വൈ സജീർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2020 | 16-06-2020 |
| ശ്രീ എ. ഗോപകുമാർ | സെക്രട്ടറി | 17-06-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.സി രമീഷ് കുമാർ | അസി. എഞ്ചിനീയർ | 01-04-2020 | 04-10-2020 |
| ശ്രീ കെ. വി സതീഷ് കുമാർ | അസി. എഞ്ചിനീയർ | 05-10-2020 | 31-03-2021 |
| ശ്രീമതി പ്രൻസി ജോൺ ജെ | കൃഷി ഓഫീസർ | 01-04-2020 | 08-09-2020 |
| ശ്രീമതി ഗ്രീഷ്മ വി മാത്യു | കൃഷി ഓഫീസർ | 09-09-2020 | 08-10-2020 |
| | | 01-01-2021 | 31-03-2021 |
| ശ്രീമതി ബിൻസി കെ വർക്കി | കൃഷി ഓഫീസർ | 09-10-2020 | 31-12-2020 |
| ഡോ സി.ജെ ഷിഹാബ് | വെറ്ററിനറി സർജൻ | 01-04-2020 | 25-09-2020 |
| ഡോ മിനേഷ് ചാക്കോച്ചൻ | വെറ്ററിനറി സർജൻ | 26-09-2020 | 31-03-2021 |
| ശ്രീമതി സി.എസ് അപർണ്ണ | ഐ.സി.ഡി.എസ് | 01-04-2020 | 15-06-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി കെ. വി ലക്ഷമിപ്രിയ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-06-2020 | 31-03-2021 |
| ശ്രീ രമേഷ് പ്രേം കുമാർ | ഹെഡ്മാസ്റ്റർ , ഗവ എൽ. പി സ്കൂൾ | 01-04-2020 | 18-06-2020 |
| ശ്രീ സിനോ മാത്യു | ഹെഡ്മാസ്റ്റർ (അധിക ചുമതല) | 19-06-2020 | 31-03-2021 |
| ശ്രീ സുജിത് പി രാഘവൻ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീ കെ. എസ് ഷിഹാവുദ്ദീൻ | ക്ഷീര വികസന ഓഫീസർ | 05-06-2020 | 23-06-2020 |
| ശ്രീ എം. എസ് സാബു | ക്ഷീര വികസന ഓഫീസർ | 24-06-2020 | 24-02-2021 |
| ശ്രീ റിനു തോമസ് | ക്ഷീര വികസന ഓഫീസർ | 25-02-2021 | 31-03-2021 |
| ശ്രീമതി രമ്യ എ. സുകുമാരൻ | വി.ഇ.ഒ മാങ്കുളം സർക്കിൾ | 01-04-2020 | 30-09-2020 |
| ശ്രീ കെ. എൻ ശശീന്ദ്രൻ | വി.ഇ.ഒ മാങ്കുളം സർക്കിൾ | 01-10-2020 | 31-03-2021 |
| ശ്രീമതി രമ്യ എ. സുകുമാരൻ | വി.ഇ.ഒ ആറാം മൈൽ സർക്കിൾ | 01-04-2020 | 02-06-2020 |
| | | 13-07-2020 | 31-03-2021 |
| ശ്രീമതി എസ്. ബീന | വി.ഇ.ഒ ആറാം മൈൽ സർക്കിൾ | 03-06-2020 | 12-07-2020 |
| ഡോ ഷാരോൺ ജോർജ്ജ് മാമ്മൻ | മെഡിക്കൽ ഓഫീസർ , ആരോഗ്യം | 01-04-2020 | 13-09-2020 |
| ഡോ ജി. എം അക്സ | മെഡിക്കൽ ഓഫീസർ , ആരോഗ്യം | 14-09-2020 | 16-12-2020 |
| ഡോ. പി. അരവിന്ദ് | മെഡിക്കൽ ഓഫീസർ , ആരോഗ്യം | 17-12-2020 | 17-03-2021 |
| ഡോ ജി. എം അക്സ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 18-03-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 02-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Joseph Chacko (Asst. Audit Officer, On 08-09-2021)<br>Last Updated By: Shyni M.R (Computer Assistant, On 30-09-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: M.U.Sunny (Audit Officer, On 07-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-3 |
| 4 | പ്രത്യേക ഉദ്ദശ്യ ലക്ഷ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 07-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-3-1 |
| 5 | പദ്ധതി അവലോകനം<br>Written By: M.U.Sunny (Audit Officer, On 06-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-4 |
| 6 | സർക്കാർ ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്യുന്ന തുകകൾക്ക് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 07-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-4-1 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-5 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 05-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-6 |
| 9 | കാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 06-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 06-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-8 |
| 11 | വരവ്-ചെലവ് കണക്കുകളുടെ രേഖപ്പെടുത്തലുകൾ - അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 07-09-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-09-2021) | 1-9 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 03-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-10 |
| 13 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി ഇനത്തിലെ കുടിശ്ശിക ₹96,000 പിരിച്ചെടുത്തില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 03-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-11 |
| 14 | ദിവസ കളക്ഷൻ ഒടുക്കൽ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 02-09-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-09-2021) | 1-12 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയില്ല<br>Written By: DENNIS JOSEPH (Auditor, On 02-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-13 |
| 16 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 02-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-14 |
| 17 | ആംബുലൻസ് വാടക സ്വീകരിച്ചതിന് രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: DENNIS JOSEPH (Auditor, On 03-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-15 |
| 18 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- വാങ്ങൽ നടപടികളിൽ അപാകത-നഷ്ടം ₹65913/-<br>Written By: E.V.Gibi (Asst. Audit Officer, On 04-09-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-09-2021) | 1-16 |
| 19 | മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസ് നൽകിയത് ക്രമീകരിച്ചട്ടില്ല<br>Written By: Joseph Chacko (Asst. Audit Officer, On 02-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-17 |
| 20 | ചെലവാകാതെ അവശേഷിക്കുന്ന പദ്ധതി പണം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്നും തിരികെ വാങ്ങിയില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 02-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-18 |
| 21 | ആയുർവേദം -തുക അടവാക്കിയെങ്കിലും ₹54725/- യുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.<br>Written By: M.K.Abhilash (Asst. Audit Officer, On 06-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-19 |
| 22 | അഗതി രഹിത കേരളം(ആശ്രയ) ഗുണഭോക്താക്കൾക്കായി പദ്ധതി ഏറ്റെടുക്കുന്നില്ല<br>Written By: E.V.Gibi (Asst. Audit Officer, On 04-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-20 |
| 23 | എസ്.എസ്.എ. വിഹിതം ഒടുക്കിയത്- വിനിയോഗ വിവരം ലഭ്യമല്ല<br>Written By: E.V.Gibi (Asst. Audit Officer, On 04-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-21 |
| 24 | വിവിധ കാർഷിക പദ്ധതികൾ- ടെണ്ടർ നടപടികൾ സുതാര്യമല്ല.<br>Written By: M.K.Abhilash (Asst. Audit Officer, On 06-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-22 |
| 25 | താളുംകണ്ടം വേലിയംപാറ റോഡ് ടാറിംഗ്-കാലി വീപ്പയുടെ വില ഈടാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 05-09-2021) | 1-23 |

| | | |
|---|---|---|
| | Last Updated By: Joseph Chacko (Asst. Audit Officer, On 30-09-2021) | |
| 26 | പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയില്ല<br>Written By: M.U.Sunny (Audit Officer, On 05-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-24 |
| 27 | ലൈഫ് ഭവന പദ്ധതി-അവലോകനം<br>Written By: E.V.Gibi (Asst. Audit Officer, On 05-09-2021)<br>Last Updated By: M.U.Sunny (Audit Officer, On 30-09-2021) | 1-25 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: M.U.Sunny (Audit Officer, On 08-09-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-09-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വയോജനങ്ങൾക്ക് കട്ടിൽ- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹65913/-<br>Written By: E.V.Gibi (Asst. Audit Officer, On 06-09-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 03-09-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 03-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 08-09-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 08-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 30-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ മുൻകൂർ വിവരം<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 03-09-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 03-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 30-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 03-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: Eby Abraham (Senior Grade Auditor, On 03-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Eby Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: Eby Abraham (Senior Grade Auditor, On 03-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 05.02.2020 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം തൻ വർഷത്തെ ബജറ്റ് അവതരിപ്പിച്ചു. ₹563744/- മുന്നിരിപ്പും ₹128150684/- വരവും ₹128275500/- ചെലവും ₹438928/- മിച്ചവും വരുന്ന ബജറ്റ് 07.03.2020 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം നേടി.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നുവെന്ന് ഉറപ്പാക്കിയും നിർദേശങ്ങൾ പരിഗണിച്ചും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കേണ്ടതാണ്.

പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ താഴെ പരാമർശിക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|
| 1 | നികുതി വരവുകൾ | | | |
| | വസ്തുനികുതി | 2930200 | 1835583 | 1094617 |
| | തൊഴിൽ നികുതി | 600000 | 326780 | 273220 |
| | വിനോദ നികുതി | 300000 | 0 | 300000 |
| 2 | നികുതിയിതര വരവുകൾ | | | |
| | വാടക | 40000 | 4500 | 35500 |
| | ലൈസൻസ് | 80000 | 55500 | 24500 |
| | സെയിൽ ,ഹയർ ചാർജ് | 980000 | 183149 | 796851 |
| | പെർമിറ്റ് ഫീ | 305000 | 118928 | 186072 |
| | മറ്റ് ഫീസ് | 255000 | 85143 | 169857 |
| | പലിശ | 600000 | 628238 | (-)28238 |
| 3 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 8842000 | 1863723 | 6978277 |
| 4 | ഭരണ ചെലവുകൾ | 2240000 | 1065606 | 1174394 |
| 5 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 3430000 | 778578 | 2651422 |
| 6 | പലിശയും അനുബന്ധ ചെലവുകളും | 1000 | 1003 | (-)3 |

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.
കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും ബജറ്റ് തയ്യാറാക്കേണ്ടതാണ്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 05.05.2021 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 19558000 | 19558000 | 19424230 | 133770 |
| വികസന ഫണ്ട് എസ്.സി.പി | 0 | 1363820 | 1363820 | 678232 | 685588 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 4764784 | 4764784 | 4704995 | 59789 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14520000 | 14520000 | 13536121 | 983879 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 3008000 | 3008000 | 3007996 | 4 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 0 | 5405000 | 5405000 | 3868798 | 1536202 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| NREGS ഭരണ നിർവ്വഹണം | 397304 | 1786624 | 2183928 | 1778784 | 405144 |
| NREGS തൊഴിലാളികളുടെ കൂലി | 0 | 40272000 | 40272000 | 40272000 | 0 |
| ഐ.സി.ഡി എസ് | 32520 | 666396 | 698916 | 456817 | 242099 |
| പശ്ചിമ ഘട്ട വികസനം | 3685 | 0 | 3685 | 0 | 3685 |
| സമ്പൂർണ്ണ ശുചിത്വം | 724702 | 0 | 724702 | 0 | 724702 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 358590 | 1460224 | 1818814 | 607500 | 1211314 |
| സാക്ഷരത | 674 | 47 | 721 | 0 | 721 |
| പട്ടിക വർഗ വികസന വകുപ്പ് | 13548700 | 308775 | 13857475 | 299072 | 13558403 |
| ജീവധാര | 183948 | 12710 | 196658 | 0 | 196658 |
| ജലനിധി | 1082391 | 25736 | 1108127 | 271154 | 836973 |
| സംസ്ഥാന അവാർഡ് | 300000 | 0 | 300000 | 0 | 300000 |
| പകർച്ച വ്യാധി നിയന്ത്രണം | 0 | 70106 | 70106 | 0 | 70106 |
| കോവിഡ് | 0 | 1082716 | 1082716 | 738523 | 344193 |

പ്രളയഫണ്ടായി ലഭിച്ച 30 ലക്ഷം രൂപ (5-ാം ഗഡു) ഉൾപ്പെടെയുള്ള തുകയാണ് വരവായി ചേർത്തിട്ടുള്ളത്. സുലേഖ ചെലവ് പത്രികയിലെ ചെലവിനോടൊപ്പം സ്രോതസ്സിൽ നിന്നും കറവ് ചെയ്ത 2326800/- ഉൾപ്പെടെയുള്ള തുകയാണ് ചെലവായി ചേർത്തിട്ടുള്ളത്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക ഇവയിലെ വരവുചെലവുകൾ പൊരുത്തപ്പെടുന്നില്ല. സ്രോതസ്സിൽ നിന്നും കിഴിവുചെയ്യുന്ന തുകകൾ ഉൾപ്പെടുത്തി ACR പ്രകാരമുള്ള വരവുചെലവുകൾ കൃത്യമാക്കേണ്ടതാണ്.

## 1-3-1 പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകളുടെ വിനിയോഗ വിവരം നിരീക്ഷിക്കുന്നതിനായി പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.സമ്പൂർണ്ണ ശുചിത്വം,ശുചിത്വമിഷൻ ഫണ്ട്,ഐസി.ഡിഎസ്,സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ തനതുഫണ്ടിൽ സൂക്ഷിച്ചാണ് ചെലവ് നടത്തിവരുന്നത്.. പശ്ചിമ ഘട്ട വികസന പദ്ധതി യിനത്തിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന ₹3685/-യും ജീവധാര പദ്ധതിയിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന ₹196658/-യും വിനിയോഗ സാധ്യതയില്ലാത്താതാണെങ്കിലും സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള താഴെപ്പറയുന്ന തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

| ഫണ്ടിനം | തുക(&) |
|---|---|
| സമ്പൂർണ്ണ ശുചിത്വം | 724702 |
| ശുചിത്വ മിഷൻ ഫണ്ട് | 1211314 |
| പട്ടിക വർഗ വികസന വകുപ്പ് | 13558403 |
| ജീവധാര | 196658 |

പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ നാലാം വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സമിതി യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 6.1.20 |
| പദ്ധതി ആസൂത്രണ ഗ്രാമ സഭകൾ | 11.1.2020-14.1.2020 |
| വികസന സെമിനാർ | നടന്നിട്ടില്ല |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 28.01.21 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 182 | 240856116 | 141 | 68966744 | 41 | 77.47 |

2020-21 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 56 പ്രോജക്ടുകൾ സ്പിൽ ഓവറും 126 പ്രോജക്ടുകൾ തൻവർഷത്തേതുമാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|---|
| കൃഷി ഓഫീസർ | 20 | 14 | 4930153 | 3919291 |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 8 | 8 | 1555804 | 1326895 |
| വെറ്ററിനറി സർജൻ | 8 | 6 | 4710996 | 2945100 |
| വി.ഇ.ഒ 1 | 8 | 5 | 181484000 | 26268916 |
| വി.ഇ.ഒ 2 | 18 | 12 | 3395872 | 2294893 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 2753400 | 2463021 |
| സെക്രട്ടറി | 23 | 13 | 8515314 | 5115401 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2100000 | 1277829 |
| അസി.എഞ്ചിനിയർ | 90 | 78 | 30105577 | 23355398 |
| സബ്ഇൻസ്പെക്ടർ,ഫിഷറീസ് | 2 | 0 | 1305000 | 0 |
| ആകെ | 182 | 141 | 240856116 | 68966744 |

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 28.63% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്.കാർഷിക മേഖലയ്ക്കായി വകയിരുത്തിയ പദ്ധതി തുകയുടെ 79.49% ഉം പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയുടെ 77.57%ഉം തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്

അഗതി, ആശ്രയ പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല.സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-4-1 സർക്കാർ ഗ്രാന്റുകളുടെ സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്യുന്ന തുകകൾക്ക് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല

ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിനും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം നൽകുന്നതിനും വികസന ഫണ്ടിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ സ്രോതസ്സിൽ നിന്നും കുറവു ചെയ്ത മുഴുവൻ തുകയും വകയിരുത്തി ജി.ഒ പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഫണ്ട് | അലോട്ട്മെന്റിൽ നിന്നും കുറവു ചെയ്ത തുക(₹) | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക(₹) | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താത്ത തുക(₹) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5(3-4) |
| ലൈഫ് വായ്പ തിരിച്ചടവ് | വികസന ഫണ്ട് ജനറൽ | 4710353 | 3142753 | 1567600 |
| | എസ്.സി.പി | 204862 | 102431 | 102431 |
| | ടി.എസ്.പി | 892353 | 446176 | 446177 |
| അംഗനവാടി ജീവനക്കാർക്ക് പ്രതിഫലം നൽകൽ | വികസന ഫണ്ട് | 1138800 | 379600 | 759200 |

അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ നിർവ്വണം | 397304 | 1786624 | 2183928 | 1778784 | 405144 |
| തൊഴിലാളികളുടെ | 0 | 40272000 | 40272000 | 40272000 | 0 |

കൂലി

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2378400 | 171 |
| വിധവാ പെൻഷൻ | 4220400 | 298 |
| വാർദ്ധക്യ കാല പെൻഷൻ | 15048800 | 1060 |
| വികലാംഗ പെൻഷൻ | 1704700 | 115 |
| അവിവാഹിത പെൻഷൻ | 48500 | 3 |

## 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.09.21 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹17500/-(പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) യുടെ നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ചു നൽകുന്നു.
- വൗച്ചറുകളും രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നതിൽ നിഷ്കർഷ പുലർത്തിയിട്ടുണ്ട്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കാത്തതും, വ്യാപാരികളുടെ പട്ടിക സൂക്ഷിക്കാത്തതും പോരായ്മയാണ്. സാംഖ്യയിൽ കൃത്യമായും കാലികമായും അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്താത്തത് കണക്കുകളുടെ കൃത്യതയ്ക്ക് ഭംഗം വരുത്തി.
- തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ വിവരം നിരീക്ഷിക്കുന്നതിനായി പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.വായ്പ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- ഫ്രണ്ട് ഓഫീസ് ജീവനക്കാരുടെ ചുമതലകൾ ഊഴമനുസരിച്ച് ക്രമീകരിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ചുമതലാ രജിസ്റ്റർ പരിപാലിക്കുന്നു.
- ഭരണസമിതി ,സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിട്സ് കാലികമാണ്.
- തനതു ഫണ്ട് ഉലോം പരിമിതമാണ്. നൂതന സ്രോതസുകൾ കണ്ടെത്തുന്നതിലും നിലവിലുള്ളവ പരമാവധി ചൂഷണം ചെയ്യുന്നതിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.
- വാർഷിക പദ്ധതി ആസൂത്രണം, നിർവഹണം,മേൽനോട്ടം എന്നീ പ്രക്രിയകളിൽ സർക്കാർ മാർഗരേഖകൾ പാലിച്ചിട്ടുണ്ട്.

  .ഓഡിറ്റ് തടസ്സങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മക സമീപനം സ്വീകരിച്ചിട്ടുണ്ട്.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും സമയക്രമം പാലിക്കുന്നു.

  ഫലപ്രദമായ കോവിഡ് പ്രതിരോധ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## 1-9 വരവ്-ചെലവ് കണക്കുകളുടെ രേഖപ്പെടുത്തലുകൾ - അപാകതകൾ

2020-21 വർഷത്തെ അക്കൗണ്ടുകളുടെ രേഖപ്പെടുത്തലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ട് ഹെഡ് 320300199 പ്രകാരം ഇലക്ഷൻ ചെലവുകൾക്ക് ലഭിച്ച തുക, ലൈഫ് ഭവന പദ്ധതി തുക, മുതലായ ഇനങ്ങളിൽ തൻ വർഷം നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ള ₹19277887/-യുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.
2. എസ്.ബി.ഐ. ഓൾഡ് പ്ലാൻ എന്ന അക്കൗണ്ടിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിരിക്കുന്ന ₹11781646/-യുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.
3. പകർച്ചവ്യാധി നിയന്ത്രണങ്ങൾക്കായി ലഭിച്ച 70106/- വൗച്ചർ നം.22000527/8.10.20 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു.
4. ജീവധാരയ്ക്കുവേണ്ടി ഉറന്ന അക്കൗണ്ടിൽ 196658/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ ഇല്ലെങ്കിലും തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി താഴെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | 2020-21 വർഷത്തിൽ | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത അർധവർഷം | |
| 1 | മാങ്കുളം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | ഒന്ന്, രണ്ട് അർധവർഷങ്ങൾ | 2020-21 സാമ്പത്തിക വർഷം സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കൂടി ഈടാക്കേണ്ടതാണ്. |
| 2 | നീതി സ്റ്റോർ (മാങ്കുളം സർവീസ് കോപ്പറേറ്റീവ് ബാങ്ക്) | ഒന്ന്, രണ്ട് അർധവർഷങ്ങൾ | 2020-21 സാമ്പത്തിക വർഷം സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കൂടി ഈടാക്കേണ്ടതാണ്. |
| 3 | ഫെഡറൽ ബാങ്ക് | രണ്ടാം അർധവർഷം | |
| 4 | ഇടുക്കി ജില്ലാ സർവീസ് കോപ്പറേറ്റീവ് ബാങ്ക് (കേരളാ ബാങ്ക്) | ഒന്ന്, രണ്ട് അർധവർഷങ്ങൾ | |
| 5 | മാവേലി സ്റ്റോർ | ഒന്ന്, രണ്ട് അർധവർഷങ്ങൾ | |
| 6 | റേഷൻ കടകൾ | ഒന്ന്, രണ്ട് അർധവർഷങ്ങൾ | ഗ്രാമ പഞ്ചായത്തിലെ മുഴുവൻ റേഷൻ കടകളിൽ നിന്നും നിയമാനുസൃതമായ നികുതികളും ഫീസുകളും ഈടാക്കേണ്ടതാണ്. |

തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ/ലിസ്റ്റ് തയ്യാറാക്കി, ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ചയുണ്ടാവുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/02.09.2021) തൊഴിൽ നികുതി ഈടാക്കാനുള്ള തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. സ്ഥാപന തൊഴിൽ നികുതി ഇനത്തിലെ കുടിശ്ശിക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-11 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി ഇനത്തിലെ കുടിശ്ശിക ₹96,000 പിരിച്ചെടുത്തില്ല

ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ (ഡിമാന്റ് നം.12/255) വസ്തു നികുതി നാളിതുവരെ പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | വസ്തു നികുതി | ലൈബ്രറി സെസ് | ആകെ തുക |
|---|---|---|---|---|
| 1 | 2013-14 | 12000 | 600 | 12600 |
| 2 | 2014-15 | 12000 | 600 | 12600 |
| 3 | 2015-16 | 12000 | 600 | 12600 |
| 4 | 2016-17 | 12000 | 600 | 12600 |
| 5 | 2017-18 | 12000 | 600 | 12600 |
| 6 | 2018-19 | 12000 | 600 | 12600 |
| 7 | 2019-20 | 12000 | 600 | 12600 |
| 8 | 2020-21 | 12000 | 600 | 12600 |
| | ആകെ | 96000 | 4800 | 100800 |

ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ ലീസ് എഗ്രിമെന്റ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് ബി.എസ്.എൻ.എൽ ഡിവിഷണൽ എഞ്ചിനീയറുടെ 25.09.2020 ലെ കത്ത് പരിഗണിച്ച് ടവറിന്റെ ലീസ് എഗ്രിമെന്റ് കാലാവധി അവസാനിച്ച 20.05.2020 മുതൽ അടുത്ത 15 വർഷത്തേക്ക് കൂടി പുതുക്കി നൽകുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ 30.09.2020 ൽ ചേർന്ന കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നികുതി ഈടാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തില്ല. കർശന നിയമ നടപടികളിലൂടെ വസ്തു കുടിശിക തുക ലൈബ്രറി സെസ് ഉൾപ്പെടെ ₹96,000 പിഴ പലിശ സഹിതം ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17/03.09.2021 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-12 ദിവസ കളക്ഷൻ ഒടുക്കൽ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലേക്കുള്ള ദിവസ കളക്ഷന്റെ ഒടുക്ക് സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | ദിവസ കളക്ഷൻ ബാങ്കിൽ വരവ് വെച്ച തീയതി | അക്കൗണ്ട് ചെയ്ത തീയതി |
|---|---|---|---|
| 1 | 2565 | 04/03/21 | 06/03/21 |
| 2 | 10952 | 06/03/21 | 09/03/21 |
| 3 | 121670 | 09/03/21 | 15/03/21 |
| 4 | 128110 | 10/03/21 | 15/03/21 |

| | | | |
|---|---|---|---|
| 5 | 5416 | 12/03/21 | 15/03/21 |
| 6 | 3367 | 20/03/21 | 23/03/21 |
| 7 | 31539 | 16/04/21 | 19/04/21 |
| 8 | 120 | 21/05/21 | 24/05/21 |
| 9 | 24183 | 04/06/21 | 10/06/21 |

കളക്ഷൻ തുക ബാങ്കിൽ ഒടുക്കുന്ന ദിവസം തന്നെ അക്കൗണ്ടിലും വരവ് വെയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അസ്ഥാനത്തിനുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം പാർപ്പിടേതര ആവശ്യത്തിന് നികുതി നിർണയം നടത്തിയ കെടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ | 325 |
| അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ തുടങ്ങിയവ | 25 |
| വ്യവസായത്തിനുള്ള - കൈത്തറി ഷെഡ് , കയർപ്പിരി ഷെഡ് | 6 |
| റിസോർട്ടുകൾ | 141 |
| മൊബൈൽ ടവർ | 3 |

റിസോർട്ട്- ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുന്ന 141 സ്ഥാപനങ്ങളിൽ ഭൂരിഭാഗവും ലൈസൻസ് എടുത്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് (232) പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ആയതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ആംബുലൻസ് വാടക സ്വീകരിച്ചതിന് രേഖകൾ സൂക്ഷിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം ആംബുലൻസ് വാടകയിനത്തിൽ 2019-20 വർഷം 37180 രൂപയും, 2020-21 വർഷത്തിൽ 4500 രൂപയും വരവുണ്ട്. നിലവിൽ വാടകയിനത്തിലുള്ള തുക ആംബുലൻസ് ഡ്രൈവർ ശേഖരിച്ച് പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ഒടുക്കുന്ന രീതിയാണുള്ളത്. രസീത് ബുക്കും കളക്ഷൻ രജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ നിലവിൽ സ്വീകരിച്ച തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. വാടകയിനത്തിൽ സ്വീകരിച്ച തുകക്ക് രസീത് നൽകേണ്ടതും, സ്വീകരിച്ച തുകയുടെയും ഫ്രണ്ട് ഓഫീസിൽ ഒടുക്കിയതിന്റെയും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- വാങ്ങൽ നടപടികളിൽ അപാകത-നഷ്ടം ₹65913/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന 2019-20 വർഷം ഏറ്റെടുത്തതും 2020-21 വർഷം പൂർത്തീകരിച്ചതുമായ താഴെ പറയുന്ന പദ്ധതികളിൽ കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ കട്ടിലുകൾ വാങ്ങിയത് മൂലം ₹ 65913/-യുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | എസ്.ഒ.096/20, വയോജനങ്ങൾക്ക് കട്ടിൽ- ജനറൽ<br>(സ്പിൽ ഓവർ പ്രോജക്ട് 72/21) | എസ്.ഒ.089/20, വയോജനങ്ങൾക്ക് കട്ടിൽ- പട്ടിക വർഗ്ഗം<br>(സ്പിൽ ഓവർ പ്രോജക്ട് 196/21) |
| അടങ്കൽ | ₹ 327618/- വികസന ഫണ്ട് -ജനറൽ | ₹48824/- (വി.ഫ.-ജനറൽ)<br>₹359776/- (വി.ഫ.- ടി.എസ്.പി.)<br>ആകെ ₹ 408600/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. ആറാംമൈൽ സർക്കിൾ | വി.ഇ.ഒ.ആറാംമൈൽ സർക്കിൾ |
| ബിൽ നം./തീയതി/തുക | 1) BRN 20101052013800019828/ 12.04.2020/ ₹291866/-<br>2) BRN 20101052013800372115/ 25.07.2020/ ₹33839/-<br>Total ₹325705/- | 1) BRN 20101052013800372114/ 25.07.2020/ ₹359546/-<br>2) BRN 20101052013800372116/ 25.07.2020/ ₹46530/-<br>Total ₹406076/- |

മേൽ പദ്ധതികളുടെ ഭാഗമായി കട്ടിൽ വാങ്ങുന്നതിന് 29.08.2019 ലെ വി.ഇ.ഒ. 1/ 2019-20 നമ്പർ ടെണ്ടർ നോട്ടീസിൽ "നീളം 1.98 മീറ്റർ (പരമാവധി), വീതി 90 സെ.മീറ്റർ (പരമാവധി), മുൻകാലിന് ഉയരം 60 സെ.മീറ്റർ, പിൻകാലിന് ഉയരം 50 സെ.മീറ്റർ, 8 മി.മീറ്റർ കനത്തിൽ പ്ലൈവുഡ് ഉറപ്പിച്ചത് -മരത്തടിയിലോ സ്റ്റീലിലോ പണിത കട്ടിൽ" ആവശ്യപ്പെടുകയും ഇതിനായി പവർ ട്രേഡ് ലിങ്ക്സ്, ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ, സി.വി. ട്രേഡേഴ്സ്, ഹാർഡ് ട്രേഡേഴ്സ്, മുണ്ടിക്കുന്നേൽ ഏജൻസീസ്, എം.എച്ച്.ഏജൻസീസ്, റേഡ്കോ കേരള എന്നീ ഏഴ് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഇതിൽ 5 വർഷം ഗ്യാരണ്ടിയുള്ള മഹാഗണി തടിയിൽ തീർത്ത ₹4230/- നിരക്കിലുള്ള ഹായ് ട്രേഡേഴ്സ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം വാങ്ങൽ നടത്തി. എന്നാൽ ടെണ്ടറിൽ ആവശ്യപ്പെട്ട അളവിൽ മഹാഗണി തടിയിൽ തീർത്ത 5 വർഷം ഗ്യാരണ്ടിയുള്ള കട്ടിലുകൾക്ക് ഇതിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ ഉണ്ടായിരുന്നു. ഡെകോർ ഇറ്റാലിയൻ ഫർണിച്ചർ, ഈരാറ്റുപേട്ട എന്ന സ്ഥാപനവും മുണ്ടിക്കുന്നേൽ ഏജൻസീസ് , പട്ടിമറ്റം എന്ന സ്ഥാപനവും യഥാക്രമം ₹3849/-, ₹3950/- നിരക്കുകൾ രേഖപ്പെടുത്തിയിരുന്നു. ഇവ പരിഗണിക്കാതെയാണ് കൂടിയ നിരക്ക് രേഖപ്പെടുത്തിയ ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം പോലും നേടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകിയത്. 04.01.2020 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ഹായ് ട്രേഡേഴ്സ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡറിൽ 14.11.2019-ലെ പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 14.11.2019 ലെ 4(1) തീരുമാനത്തിൽ പർച്ചേസ് കമ്മിറ്റിയുടെ വിവരങ്ങൾ ലഭ്യമല്ല എന്ന കാരണം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ എന്ന തെറ്റായ വിവരം രേഖപ്പെടുത്തിയാണ് സപ്ലൈഓർഡർ നൽകിയിരിക്കുന്നത്. ₹3849/- യുടെ കുറഞ്ഞ നിരക്കിലുള്ള കട്ടിൽ വാങ്ങാതെ ₹4230/- യുടെ കട്ടിൽ വാങ്ങിയതിനാൽ രണ്ട് പ്രോജക്ടുകളിലായി താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | വ്യത്യാസം | കട്ടിലുകളുടെ എണ്ണം | അധികമായി നൽകിയ ആകെ തുക (₹) |
|---|---|---|---|---|---|---|
| 1 | 72/21 | 4230 | 3849 | 381 | 77 | 29337 |
| 2 | 196/21 | | | | 96 | 36576 |
| | ആകെ | | | | 173 | 65913 |

14.11.2019 ലെ പ്രോക്യുർമെന്റ് കമ്മിറ്റിയുടെ 7(1) & 7(2) തീരുമാനത്തിൽ, ലഭിച്ച ടെണ്ടറുകളിൽ ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനം 5 വർഷം ഗ്യാരണ്ടിയുള്ള മഹാഗണി തടിയിൽ തീർത്ത കട്ടിൽ ₹4230/- ക്ക് വിതരണം ചെയ്യുന്നതിനായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ടെന്നും മുൻ വർഷം ഇതേ സ്ഥാപനം വിതരണം ചെയ്ത കട്ടിൽ വളരെ ഗുണമേന്മയുള്ളതായിരുന്നുവെന്നും യോഗം വിലയിരുത്തുകയും ആയതിനാൽ ഇതേ ടെണ്ടർ ഈ വർഷവും അംഗീകരിക്കുന്നതിനും ടെണ്ടറിൽ പറഞ്ഞ നിരക്കിൽ കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിനും ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

കട്ടിലുകൾ വാങ്ങിയതിന് ശേഷം 28.01.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(18) തീരുമാനത്തിൽ ടെണ്ടറുകൾ പ്രോക്വയർമെന്റ് കമ്മിറ്റി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരസ്യത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് ഉപരിയായി ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനം കട്ടിലിന്റെ ഇഴകയുടെയും കാലുകളുടെയും വലിപ്പം യഥാക്രമം 4x2ഇഞ്ച്, 2x2ഇഞ്ച് എന്ന് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും പ്രക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീറുടെ അഭിപ്രായവും മുൻവർഷം സ്ഥാപനം വിതരണം ചെയ്ത കട്ടിൽ ഗുണമേന്മയുള്ളതാണെന്ന ഗുണഭോക്താക്കളുടെ അഭിപ്രായവും പരിഗണിച്ച് 5 വർഷം ഗ്യാരണ്ടിയുള്ള മഹാഗണി തടിയിൽ തീർത്ത കട്ടിൽ ₹4230/- വാങ്ങി വിതരണം ചെയ്യുന്നതിന് ഹായ് ട്രേഡേഴ്സിനെ തെരഞ്ഞെടുത്ത നടപടികൾ സാധൂകരിച്ചും സപ്ലൈയർക്ക് ബിൽ പ്രകാരമുള്ള തുക അടിയന്തരമായി അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോട് നിർദ്ദേശിച്ചും തീരുമാനിച്ചിട്ടുണ്ട്.

പ്രോക്യൂർമെന്റ് കമ്മിറ്റി സാമ്പിൾ പരിശോധിക്കുകയോ, പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ തടികൊണ്ട് നിർമ്മിക്കുന്ന ഫർണിച്ചർ പരിശോധിക്കുവാൻ ക്ഷമതയുള്ള ആരെയും ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നിരിക്കെയാണ് ഉയർന്ന നിരക്കിലുള്ള കട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങുകയും ആയതിന് പിന്നീട് കമ്മിറ്റി സാധൂകരണം നൽകുകയും ചെയ്തു. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെടാത്ത സ്പെസിഫിക്കേഷനായ ഇഴകയുടെയും കാലുകളുടെയും വലിപ്പം ഒരു ടെണ്ടറിൽ മാത്രം രേഖപ്പെടുത്തി എന്നതുകൊണ്ട് ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ അതിൽ കുറഞ്ഞ അളവിലുള്ള സാധനങ്ങളാണ് സപ്ലൈ ചെയ്യുന്നത് എന്ന നിഗമനത്തിൽ എത്തുന്നത് തീർത്തും അനുചിതമാണ്.

വാങ്ങൽ നടപടികൾ സംബന്ധിച്ച മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 ന്) ബിൽ തുക നൽകിയ സമയത്ത് ചുമതലയുണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഹായ് ട്രേഡേഴ്സിന് സപ്ലൈ ഓർഡർ നൽകി കട്ടിലുകൾ മാങ്കുളം ഗ്രാമ പഞ്ചായത്തിൽ എത്തിച്ച തീയതിക്കു ശേഷം മാത്രം വി.ഇ.ഒ. ആറാംമൈൽ സർക്കിളിന്റെ ചുമതലയേറ്റ താൻ പഞ്ചായത്ത് ഭരണസമിതിയുടെ 28.01.2020 ലെ 2(18) നമ്പർ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയും കട്ടിൽ അർഹമായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ക്ഷണിക്കുകയും സപ്ലൈഓർഡർ നൽകി കട്ടിലുകൾ വാങ്ങുകയും ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രോജക്ടുകളുടെ ടെണ്ടർ പ്രകാരം പങ്കെടുത്ത സ്ഥാപനങ്ങളുടെ സാമ്പിളുകൾ പഞ്ചായത്ത് കമ്മിറ്റി പരിശോധന നടത്തിയിട്ടുള്ളതാണെന്നും അതിൽ സമയബന്ധിതമായി സാമ്പിളുകൾ ഹാജരാക്കുവാൻ കഴിയാത്തവരെയും കുറഞ്ഞ തുകയിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ക്വാളിറ്റിയും ഫിനിഷിംഗും ഇല്ലാത്തവയേയും ഒഴിവാക്കി. ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ സാമ്പിൾ, ക്വാളിറ്റിയും ഫിനിഷിംഗും ഉള്ളതായി വിലയിരുത്തി ₹4230/- ക്ക് ടി കട്ടിലുകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ച്, നിർവ്വഹണ ഉദ്യോഗസ്ഥനെ തുക നൽകുന്നതിന് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക മാറി നൽകിയിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ സ്ഥാപനങ്ങളോട് ആവശ്യപ്പെടുകയോ പ്രോക്യൂർമെന്റ് കമ്മിറ്റി/ പഞ്ചായത്ത് കമ്മിറ്റി സാമ്പിൾ പിരിശോധിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാസ്തവ വിരുദ്ധമായ ടി മറുപടി അംഗീകരിക്കാവുന്നതല്ല. കുറഞ്ഞ നിരക്ക് അംഗീകരിക്കാത്തതിനാൽ ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള 65913/- രൂപയുടെ നഷ്ടം പൂർണ്ണമായും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം പോലും വാങ്ങാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## 1-17 മെഡിക്കൽ ഓഫീസർക്ക് അഡ്വാൻസ് നൽകിയത് ക്രമീകരിച്ചട്ടില്ല

19.11.2020-ലെ പി.എച്ച്.സി. മെഡിക്കൽ ഓഫീസറുടെ റിക്വിസിഷൻ വൗച്ചർ നം.22000042/9.12.2020 പ്രകാരം 12000/- യും 18.1.2021-ലെ റിക്വിസിഷൻ വൗച്ചർ നം.2200723/21.1.21 പ്രകാരം 10000/- യും ദൈനംദിന ചെലവുകൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂർ തുക ക്രമീകരിച്ചതിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുൻകൂർ ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-18 ചെലവാകാതെ അവശേഷിക്കുന്ന പദ്ധതി പണം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്നും തിരികെ വാങ്ങിയില്ല

| | | |
|---|---|---|
| നിർവ്വഹണം | : | വെറ്ററിനറി സർജൻ |
| പദ്ധതി നം. | : | 68/2020-21 (43/2019-20 സ്പിൽ ഓവർ) |
| പദ്ധതി | : | പ്രത്യേക കന്നുകുട്ടി പരിപാലനം. |
| അടങ്കൽ | : | ₹3,12,500/- (വികസന ഫണ്ട്). |
| | : | ₹3,12,500/- (വകുപ്പ് ഫണ്ട്). |
| | : | ₹6,25,000/- (ഗുണഭോക്തൃവിഹിതം). |
| ബിൽ നം. | : | 201011000000000731 തീ.29.04.2020 തുക:₹3,12,500/-. |

50 ഗുണഭോക്താക്കൾക്ക് എസ്.എൽ.ബി.പി.-പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിതീറ്റ വിതരണം നടത്തുന്നതിനുള്ള പദ്ധതിയാണിത്. മേൽ സൂചിത ബിൽ പ്രകാരം പിൻവലിച്ച തുക ജില്ലാ വെറ്ററിനറി കേന്ദ്രം അസി.പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ₹6,250/- നിരക്കിലാണ് പദ്ധതി വിഹിതം നിജപ്പെടുത്തിയിരിക്കുന്നത്.

പദ്ധതി പ്രകാരം കന്നുകുട്ടി പ്രസവിക്കുകയോ, ചത്തുപോവുകയോ മൂന്ന് മാസം തുടർച്ചയായി കാലിതീറ്റ വാങ്ങൽ മുടങ്ങുകയോ ചെയ്താൽ തുടർന്ന് ധനസഹായം നൽകേണ്ടതില്ല. കാലിത്തീറ്റ സബ്സിഡി നിരക്കിൽ മുടക്കം വരുത്തിയ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ പരാമർശിക്കുന്ന ഗുണഭോക്താവിന്റെ തുടർന്നുള്ള മാസങ്ങളിലേക്കുള്ള ധനസഹായ തുക ജില്ലാ പ്രോജക്ട് ഓഫീസറിൽ നിന്ന് തിരികെ വാങ്ങി സർക്കാർ ഫണ്ടിലേക്ക് അടച്ചിട്ടില്ല.

| ഗുണഭോക്താവ് | അവസാനം വാങ്ങിയ തീയതി | മുടങ്ങിയതിന്റെ കാരണം | ഗുണഭോക്താവിനു വേണ്ടി കൈമാറിയ വിഹിതം | ഗുണഭോക്താവിനു വേണ്ടി ചെലവഴിച്ച പദ്ധതി വിഹിതം ₹ | ജില്ലാ വെറ്ററിനറി സർജനിൽ നിന്നും തിരികെ വാങ്ങേണ്ട തുക ₹ |
|---|---|---|---|---|---|
| ശ്രീമതി ഉഷ രാമചന്ദ്രൻ തോട്ടക്കാട്ട് അമ്പതാം മൈൽ | 30.09.2020 (20.10.2020 ൽ ഒഴിവാക്കി) | തുടർച്ചായി മുടങ്ങി | 6250 | 2382 | 3868 |

പ്രസ്തുത തുക തിരികെ വാങ്ങി സർക്കാർ ഫണ്ടിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 ആയുർവേദം -തുക അടവാക്കിയെങ്കിലും ₹54725/- യുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| പദ്ധതി നം | 13/21 |
| പദ്ധതി | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000/- (റോഡിതരം) |
| ബിൽ നം,തുക | 20101052009700294588<br>4/2020-21 തീ 25.06.2020, ₹400000/- |

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി തൃശ്ശൂർ ഔഷധിക്ക് ₹400000/- (Transfer Credit, A/C 59133005900000015 PUNB0623300) നൽകിയെങ്കിലും താഴെ പരാമർശിക്കും പ്രകാരം ₹343477/-യുടെ മരുന്ന് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

| ക്രമ നം | ബിൽ നം | തുക ₹ |
|---|---|---|
| 1 | 90202504 തീ:11.03.2021 | 192340 |
| 2 | 90204091 തീ: 25.03.2021 | 111899 |
| 3 | 90209249 തീ: 25.05.2021 | 24614 |
| 4 | 90214175 തീ: 29.05.2021 | 14624 |
| | ആകെ | 343477 |

ഔഷധിയിൽ നിന്നും 56523/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് എൻട്രി നടത്തി വിവരം അറിയിക്കേണ്ടതാണ്.

1-20 അഗതി രഹിത കേരളം(ആശ്രയ) ഗുണഭോക്താക്കൾക്കായി പദ്ധതി ഏറ്റെടുക്കുന്നില്ല

അഗതിരഹിത കേരളം(ആശ്രയ) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. 2010 മുതൽ നിലവിലുള്ള ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ടെന്ന് സി.ഡി.എസ്. ചെയർപേഴ്സൺ അറിയിച്ചു.

| ക്രമ നം. | ആവശ്യകത | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീടുംസ്ഥലവും | 2 |
| 2 | വീട് | 4 |
| 3 | വീട് മെയിന്റനൻസ് | 22 |
| 4 | കുടിവെള്ളം | 10 |
| 5 | ശൗചാലയം | 1 |

2019-20 ൽ വികസന ഫണ്ടിൽ നിന്നും ₹50000/- നൽകിയെങ്കിലും ഓട്ടേറെ സഹായങ്ങൾ ആവശ്യമുള്ളതിനാൽ ടി തുക പര്യാപ്തമല്ല എന്ന കാരണം മുൻനിർത്തി മെമ്പർ സെക്രട്ടറിയുടെയും കുടുംബശ്രീ ചെയർപേഴ്സന്റെയും സംയുക്ത അക്കൗണ്ടിൽ ചെലഴിക്കാതെ അവശേഷിക്കുകയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ആശ്രയ ഗുണഭോക്താക്കൾക്ക് അവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്നും കാര്യമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15 ന് ലഭ്യമാക്കിയ മറുപടിയിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആശ്രയ പദ്ധതിക്ക് വരുംവർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

1-21 എസ്.എസ്.എ. വിഹിതം ഒടുക്കിയത്- വിനിയോഗ വിവരം ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്ട് | 249/21, എസ്.എസ്.എ. വിഹിതം- പട്ടിക വർഗ്ഗം | 250/21, എസ്.എസ്.എ. വിഹിതം- പട്ടിക ജാതി |
| അടങ്കൽ | ₹ 300000/- | ₹63750/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| ബിൽ നം./തീയതി/തുക | BRN 201010520116010609/ 29.01.2021/ ₹300000/- | BRN 201010520116010615/ 29.01.2021/ ₹63750/- |

മേൽ പ്രോജക്ടുകൾ പ്രകാരം എസ്.എസ്.എ. പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം ഇടുക്കി ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിശദമായ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ₹363750/- തടസ്സപ്പെടുത്തുന്നു.

1-22 വിവിധ കാർഷിക പദ്ധതികൾ- ടെണ്ടർ നടപടികൾ സുതാര്യമല്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ കാർഷിക വികസന പദ്ധതികൾക്കായി നടത്തുന്ന ടെണ്ടർ നടപടികളിൽ സുതാര്യതയില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. തൻവർഷത്തെ പ്രോജക്ടുകൾക്കായി ഗ്രാമ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള എല്ലാ ടെണ്ടർ ഫോമുകളിലും വിജിത പോൾസൺ എന്ന വ്യക്തിയുടെ പേരിലുള്ള തൃശ്ശൂർ നിരപ്പേൽ നഴ്സറിയുടെ സീൽ പതിച്ചിരിക്കുന്നു. പ്രസ്തുത സീൽ വെട്ടികളഞ്ഞാണ് മറ്റ് സ്ഥാപനങ്ങൾ അവരവരുടെ സ്ഥാപത്തിന്റെ പേര് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. എല്ലാ സ്ഥാപനങ്ങളും 07.11.2019 നാണ് ടെണ്ടറുകൾ സമർപ്പിച്ചിരിക്കുന്നത് എന്നതും ഏറെ കൗതുകകരമായ വസ്തുതയാണ്. ടെണ്ടർ തുറന്നത് 14.11.2019 നാണ്.

| | | | |
|---|---|---|---|
| പദ്ധതി | പ്രോജക്ട് നം 113/2019-20 & 114/2019-20 ജാതി തൈ വിതരണം | | |
| ടെണ്ടർ രജിസ്റ്റർ പേജ് നം | 15 | | |
| ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ | കിണറ്റുകര പ്ലാന്റേഷൻ കാഞ്ഞിരപ്പള്ളി | വിജിത പോൾസൺ നിരപ്പേൽ നഴ്സറി തൃശ്ശൂർ | ജിജോ എൻ.വി<br>നെയ്ശ്ശേരി തുണ്ടിൽ ളുക്കുപാലം<br>(തൃശ്ശൂർ വിജിത പോൾസൺ നിരപ്പേൽ നഴ്സറിയുടെ സീൽ പതിച്ചിരിക്കുന്നു) |
| ക്വോട്ട് ചെയ്ത ₹ നിരക്ക് | 364 | 448, 216,440,500 | 600 |
| ടെണ്ടർ നടപടി | | (ഗുണമേന്മയുള്ള IISR വിശ്വശ്രീ) 448 അംഗീകരിച്ചു) | |

| | | | |
|---|---|---|---|
| പദ്ധതി | പ്രോജക്ട് നം 108/20<br>(സ്പിൽ ഓവർ 73/20120-21 ) കുള്ളൻ തെങ്ങിൻ തൈ വിതരണം -ജനറൽ<br>പ്രോജക്ട് നം 109/20<br>കുള്ളൻ തെങ്ങിൻ തൈ വിതരണം - എസ്.സി.പി<br>പ്രോജക്ട് നം 111/20<br>(സ്പിൽ ഓവർ 74/20120-21 ) കുള്ളൻ തെങ്ങിൻ തൈ വിതരണം -റ്റി.എസ്.പി | | |
| ടെണ്ടർ രജിസ്റ്റർ പേജ് നം | | | 16 |
| ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ | വിജിത പോൾസൺ നിരപ്പേൽ നഴ്സറി തൃശ്ശൂർ | സി.എൽ ഈനാശു<br>ചിറയത്ത് മഞ്ചിയിൽ മണ്ണത്തി<br>(തൃശ്ശൂർ വിജിത പോൾസൺ നിരപ്പേൽ നഴ്സറിയുടെ സീൽ പതിച്ചിരിക്കുന്നു) | ജിജോ എൻ.വി<br>നെയ്ശ്ശേരി തുണ്ടിൽ ളുക്കുപാലം<br>(തൃശ്ശൂർ വിജിത പോൾസൺ നിരപ്പേൽ നഴ്സറിയുടെ സീൽ പതിച്ചിരിക്കുന്നു) |
| ക്വോട്ട് ചെയ്ത നിരക്ക് ₹ | 365 | 550 | 400 |
| ടെണ്ടർ നടപടി | ഈ സ്ഥാപനത്തിൽ നിന്നും വാങ്ങി | | |

| | |
|---|---|
| പദ്ധതി | പ്രോജക്ട് നം 1112/20<br>(സ്പിൽ ഓവർ 155/2020-21 ) ഫല വൃക്ഷത്തൈ വിതരണം - മാങ്കോസ്റ്റൈൻ |
| ടെണ്ടർ രജിസ്റ്റർ പേജ് നം | 14 |

| | | | |
|---|---|---|---|
| ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ | വിജിത പോൾസൺ നിരപ്പേൽ നഴ്സറി തൃശൂർ | സി.എൽ ഈനാശു ചിറയത്ത് മഞ്ചിയിൽ മണ്ണുത്തി (വിജിത പോൾസൺ നിരപ്പേൽ നഴ്സറി തൃശ്ശൂർ) | ജിജോ എൻ.വി നെയ്ശ്ശേരി ഉണ്ടിൽ തുക്കപാലം (വിജിത പോൾസൺ നിരപ്പേൽ നഴ്സറി തൃശ്ശൂർ) |
| ക്വോട്ട് ചെയ്ത നിരക്ക് ₹ | 385 | 550 | 600 |
| ടെണ്ടർ നടപടി | ഈ സ്ഥാപനത്തിൽ നിന്നും വാങ്ങി | | |

ടെണ്ടർ ഫോം വാങ്ങിയതും ഇ.എം.ഡി അടവാക്കിയതും അതാത് സ്ഥാപനങ്ങൾ തന്നെയാണ്. എന്നാൽ ടെണ്ടർ സമർപ്പിച്ചപ്പോൾ എല്ലാ ടെണ്ടറിലും നിരപ്പേൽ നഴ്സറിയുടെ സീൽ പതിച്ചിരിക്കുന്നത് അവർ തമ്മിൽ നടത്തിയ ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് വിലയിരുത്തുന്നു. സമർപ്പിച്ച ടെണ്ടറുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ശരിയാം വണ്ണം പരിശോധിച്ചില്ല എന്നത് ഒരു വീഴ്ചയായി കാണുന്നു. ഇത് ജനകീയ ആസൂത്രണ പദ്ധതികളുടെ മേലുള്ള സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് എതിരാണെന്ന് വിലയിരുത്തുന്നു. മത്സരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താതെ പദ്ധതി നിർവ്വഹണം നടത്തിയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 1-23 താളൂംകണ്ടം വേലിയംപാറ റോഡ് ടാറിംഗ്-കാലി വീപ്പയുടെ വില ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | 182/21 |
| പദ്ധതി അടങ്കൽ | ₹1000000/-(തനത് ഫണ്ട് ₹299750/- , മെയിന്റനൻസ് ഗ്രാന്റ് റോഡ് ₹700250/- |
| കരാറുകാരൻ | നിയാസ് പി.എം |
| കരാർ നം./ തീയതി | 40/21.10.20 |
| അളവു ബുക്ക് | 109/20-21 |
| ബിൽ നം/ തീയതി &തുക | 27/11.11.2020;₹892708/- |

താളൂംകണ്ടം വേലിയംപാറ റോഡ് ടാറിംഗ് എന്ന പ്രവൃത്തിയിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കായി 27 ബാരൽ ബിറ്റുമിൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കാലി വീപ്പയുടെ വില കുറവു ചെയ്യാതെയാണ് അന്തിമ ബിൽ തയ്യാറാക്കിയിരിക്കുന്നത്.ആകെ പ്രവൃത്തി മൂല്യമായ ₹892708/-യുടെ കൂടെ 12% ജി.എ.സ്.ടി വിഹിതം കൂടി ഉൾപ്പെടുത്തി ₹999823/-യുടെ അന്തിമ ബിൽ തയ്യാറാക്കുകയും നികതികൾ കുറവു ചെയ്ത ശേഷം കരാറുകാരന് സംരക്ഷണ ഗ്രാന്റിൽ നിന്നും ₹660245/-നൽകുകയും ചെയ്തിട്ടുണ്ട്. അനുവദിക്കാവുന്ന തുകയുടെവിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹892708/- |
| (-) കാലി വീപ്പയുടെ വില(27*280) | ₹7560 |
| | ₹885148/- |
| (+)12% ജി.എസ്.ടി | ₹106218/- |
| ട്രഷറിയിൽ നിന്നും പിൻവലിക്കാവുന്ന തുക | ₹991366/- |

കരാറുകാരന് തനതുഫണ്ടിനത്തിൽ നൽകുവാനുള്ള ₹299583/-യിൽ നിന്നും ₹8457/-(999823-991366) ഈടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും ₹8457/-ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | 160/21 |
| പദ്ധതി അടങ്കൽ | ₹400000/- |
| കരാറുകാരൻ | ശ്രീ.എബിൻ കെ എൽദോസ് |
| കരാർനം/തീയതി | 39/16.12.19 |
| അളവുബുക്ക് | 446/19-20 |
| ബിൽ നം/തീയതി&തുക | 201010520117014179448/31.3.21;₹194436/ |

രാമചന്ദ്രൻ തോട്ടുയ്യാട്ടുപടി കലുങ്കും കോൺക്രീറ്റിംഗുംഎന്ന പദ്ധതിയിൽ കലുങ്ക് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കി കരാറുകാരൻ പാർട്ട് ബില്ലിനത്തിൽ ₹194436/- കൈപ്പറ്റിയിട്ടുണ്ട്. പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം കലുങ്ക് നിർമ്മാണമുൾപ്പടെയുള്ള ബാക്കി ജോലികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നൽകിയ അന്വഷണക്കുറിപ്പിന് (എൻക്വയറി-9/2.9.21) മഴക്കാലം കഴിഞ്ഞാൽ അവശേഷിക്കുന്ന പ്രവൃത്തികളെല്ലാം പൂർത്തീകരിച്ച് അന്തിമ ബിൽ തയ്യാറാക്കുന്നതാണെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗും കലുങ്ക് നിർമ്മാണവും പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി-അവലോകനം

മാങ്കുളം ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ആകെ ഉണ്ടായിരുന്ന 430 ഗുണഭോക്താക്കളിൽ അർഹതയുള്ള 356 ഗുണഭോക്താക്കളുടെ പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു.

| അർഹതയുള്ള ഗുണഭോക്താക്കൾ | | | | കരാറിൽ ഏർപ്പെട്ടവർ | | | |
|---|---|---|---|---|---|---|---|
| ജനറൽ | എസ്.സിപി. | ടി.എസ്.പി. | ആകെ | ജനറൽ | എസ്.സിപി. | ടി.എസ്.പി. | ആകെ |
| 285 | 15 | 56 | 356 | 285 | 15 | 56 | 356 |

| ഇതുവരെ നിർമ്മാണം ആരംഭിക്കാത്തവർ | | | | നിർമ്മാണം പൂർത്തീകരിച്ചവർ | | | |
|---|---|---|---|---|---|---|---|
| ജനറൽ | എസ്.സിപി. | ടി.എസ്.പി. | ആകെ | ജനറൽ | എസ്.സിപി. | ടി.എസ്.പി. | ആകെ |
| 4 | 0 | 0 | 4 | 271 | 11 | 53 | 335 |

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്തക്കളിൽ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | നൽകിയ തുക/ തീയതി | പൂർത്തീകരിച്ച നിർമ്മാണഘട്ടം | അവസാനമായിസ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | സരോജിനി ഗോപാലൻ, കാക്കനാട്ട്പറമ്പിൽ, വിരിപാറ | 40000/ 31.08.2018 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 08.03.2021 ൽ നോട്ടീസ് നൽകി |
| 2 | ലൈസ ജോൺ, തോട്ടക്കരയിൽ, പെരുമ്പൻകുത്ത് | 40000/ 31.08.2018 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 08.03.2021 ൽ നോട്ടീസ് നൽകി |
| 3 | ഡോളി ജോസ്, മീൻതത്തിയിൽ, വിരിപാറ | 40000/ 31.08.2018 | നിർമ്മാണം ആരംഭിച്ചിട്ടില്ല | 08.03.2021 ൽ നോട്ടീസ് നൽകി |
| 4 | സജി പി.കെ., പുളിക്കൽ, വിരിപാറ | 40000/ 17.02.2021 | നിർമ്മാണം ആരംഭിച്ചിട്ടില്ല | വിഷയം കമ്മിറ്റിയിൽ അവതരിപ്പിച്ചു |
| 5 | അഞ്ചു സെബിൻ, മാടവനകുന്നേൽ, ആനക്കുളം | 200000/ 30.04.2019 | തറ നിർമ്മാണം പൂർത്തീകരിച്ചു | 08.03.2021 ൽ നോട്ടീസ് നൽകി |
| 6 | ഫലോമിന ബേബി, പുതകുന്നേൽ, വിരിപാറ | 40000/ 05.09.2018 | തറ നിർമ്മാണം പൂർത്തീകരിച്ചു | 08.03.2021 ൽ നോട്ടീസ് നൽകി |
| 7 | നിഷാമോൾ, ചുരതോലിയിൽ, വിരിപാറ | 40000/ 05.09.2018 | തറ നിർമ്മാണം പൂർത്തീകരിച്ചു | 08.03.2021 ൽ നോട്ടീസ് നൽകി |
| 8 | റോസമ്മ തോമസ്, വേള്ളാപ്പാണിയിൽ | 40000/ 31.08.2018 | തറ നിർമ്മാണം പൂർത്തീകരിച്ചു | 08.03.2021 ൽ നോട്ടീസ് നൽകി |
| 9 | ജയൻ കെ.പി., പരിയാരത്തിൽ വിരിപാറ | 300000/ 02.10.2020 | ലിന്റൽ ലെവൽ പൂർത്തീകരിച്ചു | 08.03.2021 ൽ നോട്ടീസ് നൽകി |
| 10 | ജോണി മത്തായി, വീപ്പനാട്ട്, വിരിഞ്ഞപാറ | 300000/ 28.01.2021 | ലിന്റൽ ലെവൽ പൂർത്തീകരിച്ചു | 08.03.2021 ൽ നോട്ടീസ് നൽകി |

വിവിധ ഘട്ടങ്ങളിലുള്ള ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതി അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

മാങ്കുളം ഗ്രാമ പഞ്ചായത്ത് പ്രദേശത്തേക്കുള്ള ഏക പ്രവേശന മാർഗമായ വിരിപാറയിൽ കൂടി കടന്നു പോകുന്ന യാത്രക്കാർക്ക് കോവിഡ് 19 രോഗനിർണ്ണയ പരിശോധനയും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത്,ആരോഗ്യം,വനം എന്നീ വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരെ ഉൾപ്പെടുത്തി സംയുക്ത ടീം രൂപീകരിച്ചുകൊണ്ടാണ് ഗ്രാമ പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 19.03.2020 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാനപ്രകാരമാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കമായത്. 31.03.2020-ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമായി വിലയിരുത്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും RRT മെമ്പേഴ്സിനെ പ്രാഥമിക ആരോഗ്യം കേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ഹെൽപ്പ് ഡെസ്ക് രൂപീകരണം

| പഞ്ചായത്ത് കമ്മിറ്റി തീരുമാനം | അംഗങ്ങൾ | പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|
| 12.05.2020 ലെ 2(1) നമ്പർ തീരുമാന പ്രകാരം ഹെൽപ്പ് ഡസ്ക് രൂപീകരിച്ചു | ശ്രീമതി ശ്യാമള സുധാകരൻ(കുടുംബശ്രീ ചെയർ പേഴ്സൺ)<br>കുമാരി ലക്ഷ്മി പ്രിയ(ഐ.സി.ഡി.എസ് സൂപ്പർവൈസർ)<br>ശ്രീമതി ബിന്ദു ജോസഫ്(പാലിയേറ്റീവ് നഴ്സ്) | 27.02.2020 മുതൽ 4.5.2020വരെ 28അഗതികൾക്കും 37 അഥിതി തൊഴിലാളികൾക്കും സൗജന്യമായി ഭക്ഷണം നൽകി |

| | | |
|---|---|---|
| | ശ്രീമതി അനിത കുമാരി (JPHN) | |

2) CFLTC

| പഞ്ചായത്ത് കമ്മിറ്റി തീരുമാനം | CFLTC യ്ക്കായി തിരഞ്ഞെടുത്ത കേന്ദ്രം | പ്രവർത്തന ചെലവ് | മറ്റ് വിശദാംശങ്ങൾ |
|---|---|---|---|
| 23.07.2020 ലെ 1(1) നമ്പർ തീരുമാനം | മാങ്കുളം സെന്റ് മേരീസ് സ്കൂൾ കെട്ടിടം | ₹7900/- (മടക്ക് കട്ടിൽ,ബെഡ് ഷീറ്റ് 10 എണ്ണം) | CFLTC തുടങ്ങേണ്ട സാഹചര്യം ഗ്രാമ പഞ്ചായത്തിലുണ്ടാ കാത്താതിനാൽ പ്രവർത്തനം തുടങ്ങിയില്ല.CFLTC യ്ക്കായി വാങ്ങിയ കട്ടിലുകളും ബെഡ് ഷീറ്റും സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടുണ്ട് |

3)കമ്മ്യൂണിറ്റി കിച്ചൻ

| പ്രവർത്തനം ആരംഭിച്ച തീയതി | കുടുംബശ്രീ യൂണിറ്റ് | ദിവസവേതനത്തിന നിയമിച്ച ജീവനക്കാരുടെ എണ്ണം | കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച സബ്സിഡി തുക | റേഷൻ കടയിൽ നിന്നും സബ്സിഡി ഇനത്തിൽ ലഭിച്ച അരി | ഗ്രാമ പഞ്ചായത്തിൽ നിന്നും ചെലവഴിച്ച തുക |
|---|---|---|---|---|---|
| 15.10.2020 | വിരിഞ്ഞപ്പാറ സായൂജ്യ കുടുംബശ്രീ യൂണിറ്റ്,ആറാം മൈൽ ഗ്ലോറിയ കുടുംബശ്രീ യൂണിറ്റ്,കവിതക്കാട് സവിത യൂണിറ്റ് എന്നിവയിലെ 3 അംഗങ്ങൾ ചേർന്ന് നടത്തുന്നു | 3 | ₹92480/- | 2400 Kg | ₹70106/- |

കമ്മ്യൂണിറ്റി കിച്ചനിലേക്ക് ഇതര മാർഗ്ഗങ്ങളിലൂടെ അരിയും സാധനങ്ങളും ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും പാത്രങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകിയിട്ടില്ല. റേഷൻ കടയിൽ നിന്നും ലഭ്യമായിട്ടുള്ള സാധനങ്ങളുടെ സ്റ്റോക്ക് വിവരം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

4) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| ചെലവിനം | തുക(₹) |
|---|---|
| ബോധവൽക്കരണ നോട്ടീസ്&ബാനർ | 4590 |
| കമ്മ്യൂണിറ്റി കിച്ചൻ ഭക്ഷണ ചെലവ് | 70106 |
| CFLTC(മടക്ക് കട്ടിൽ&ബെഡ് ഷീറ്റ്) | 7900 |
| മാസ്ക്&സാനിറ്റൈസർ | 82002 |
| ആകെ | 164598 |

5) മറ്റ് വിവരങ്ങൾ

ഡയാലിസിസ് ചെയ്യുന്നവർ,അർബുദ രോഗികൾ,ഇതര ഗുരുതര രോഗ ബാധിതർ എന്നിവർക്ക് മരുന്ന വാങ്ങി നൽകുന്നതിന് വികസന ഫണ്ട്,തനത് ഫണ്ട്,റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. കോവിഡ് 19 സംഭാവന ഇനത്തിൽ ഗ്രാമപഞ്ചായത്തിന് യാതൊരു തുകയും ലഭ്യമായിട്ടില്ല. 6 ഓക്സി മീറ്ററുകൾ വാങ്ങിയതിൽ 1 എണ്ണം സി.ഡി.എസ് നം 5 എണ്ണം മാങ്കുളം പി.എച്ച്.സി യ്ക്കും കൈമാറിയിട്ടുണ്ട്. മാങ്കുളം ഗ്രാമ പഞ്ചായത്തിലെ തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി തൊഴിലുറപ്പ് പദ്ധതി മുഖേന 13 വാർഡുകളിൽ 12 പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വിവിധ ആദിവാസ സങ്കേതങ്ങളിൽ ഊരു വിദ്യാകേന്ദ്രങ്ങൾ നിലവിലുണ്ട്. ടി കേന്ദ്രങ്ങളിൽ SSA മുഖേന നിയമിക്കപ്പെട്ട ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ കുട്ടികളുടെ ഓൺലൈൻ പഠനാവശ്യങ്ങൾ നിറവേറ്റുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വയോജനങ്ങൾക്ക് കട്ടിൽ- വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത- നഷ്ടം ₹65913/-

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ മുഖേന 2019-20 വർഷം ഏറ്റെടുത്തതും 2020-21 വർഷം പൂർത്തീകരിച്ചതുമായ താഴെ പറയുന്ന പദ്ധതികളിൽ കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതെ കൂടിയ നിരക്ക് രേഖപ്പെടുത്തിയ കട്ടിലുകൾ വാങ്ങിയത് മൂലം ₹ 65913/-യുടെ നഷ്ടം ഉണ്ടായിരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | എസ്.ഒ.096/20, വയോജനങ്ങൾക്ക് കട്ടിൽ- ജനറൽ<br>(സ്പിൽ ഓവർ പ്രോജക്ട് 72/21) | എസ്.ഒ.089/20, വയോജനങ്ങൾക്ക് കട്ടിൽ- പട്ടിക വർഗ്ഗം<br>(സ്പിൽ ഓവർ പ്രോജക്ട് 196/21) |
| അടങ്കൽ | ₹ 327618/- വികസന ഫണ്ട് -ജനറൽ | ₹48824/- (വി.ഫ.-ജനറൽ)<br>₹359776/- (വി.ഫ.- ടി.എസ്.പി.)<br>ആകെ ₹ 408600/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. ആറാംമൈൽ സർക്കിൾ | വി.ഇ.ഒ.ആറാംമൈൽ സർക്കിൾ |
| ബിൽ നം./തീയതി/തുക | 1) BRN 20101052013800019828/ 12.04.2020/ ₹291866/-<br>2) BRN 20101052013800372115/ 25.07.2020/ ₹33839/-<br>Total ₹325705/- | 1) BRN 20101052013800372114/ 25.07.2020/ ₹359546/-<br>2) BRN 20101052013800372116/ 25.07.2020/ ₹46530/-<br>Total ₹406076/- |

മേൽ പദ്ധതികളുടെ ഭാഗമായി കട്ടിൽ വാങ്ങുന്നതിന് 29.08.2019 ലെ വി.ഇ.ഒ. 1/ 2019-20 നമ്പർ ടെണ്ടർ നോട്ടീസിൽ "നീളം 1.98 മീറ്റർ (പരമാവധി), വീതി 90 സെ.മീറ്റർ (പരമാവധി), മുൻകാലിന് ഉയരം 60 സെ.മീറ്റർ, പിൻകാലിന് ഉയരം 50 സെ.മീറ്റർ, 8 മി.മീറ്റർ കനത്തിൽ പ്ലൈവുഡ് ഉറപ്പിച്ചത് -മരത്തടിയിലോ സ്റ്റീലിലോ പണിത കട്ടിൽ" ആവശ്യപ്പെടുകയും ഇതിനായി പവർ ട്രേഡ് ലിങ്ക്സ്, ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ, സി.വി. ട്രേഡേഴ്സ്, ഹാർഡ് ട്രേഡേഴ്സ്, മുണ്ടിക്കുന്നേൽ ഏജൻസീസ്, എം.എച്ച്.ഏജൻസീസ്, റേഡ്കോ കേരള എന്നീ ഏഴ് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ഇതിൽ 5 വർഷം ഗ്യാരണ്ടിയുള്ള മഹാഗണി തടിയിൽ തീർത്ത ₹4230/- നിരക്കിലുള്ള ഹായ് ട്രേഡേഴ്സ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം വാങ്ങൽ നടത്തി. എന്നാൽ ടെണ്ടറിൽ ആവശ്യപ്പെട്ട അളവിൽ മഹാഗണി തടിയിൽ തീർത്ത 5 വർഷം ഗ്യാരണ്ടിയുള്ള കട്ടിലുകൾക്ക് ഇതിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ ഉണ്ടായിരുന്നു. ഡെകോർ ഇറ്റാലിയൻ ഫർണിച്ചർ, ഈരാറ്റുപേട്ട എന്ന സ്ഥാപനവും മുണ്ടിക്കുന്നേൽ ഏജൻസീസ് , പട്ടിമറ്റം എന്ന സ്ഥാപനവും യഥാക്രമം ₹3849/-, ₹3950/- നിരക്കുകൾ രേഖപ്പെടുത്തിയിരുന്നു. ഇവ പരിഗണിക്കാതെയാണ് കൂടിയ നിരക്ക് രേഖപ്പെടുത്തിയ ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം പോലും നേടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകിയത്. 04.01.2020 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ഹായ് ട്രേഡേഴ്സ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡറിൽ 14.11.2019-ലെ പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 14.11.2019 ലെ 4(1) തീരുമാനത്തിൽ പർച്ചേസ് കമ്മിറ്റിയുടെ വിവരങ്ങൾ ലഭ്യമല്ല എന്ന കാരണം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ എന്ന തെറ്റായ വിവരം രേഖപ്പെടുത്തിയാണ് സപ്ലൈഓർഡർ നൽകിയിരിക്കുന്നത്. ₹3849/- യുടെ കുറഞ്ഞ നിരക്കിലുള്ള കട്ടിൽ വാങ്ങാതെ ₹4230/- യുടെ കട്ടിൽ വാങ്ങിയതിനാൽ രണ്ട് പ്രോജക്ടുകളിലായി താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | വ്യത്യാസം | കട്ടിലുകളുടെ എണ്ണം | അധികമായി നൽകിയ ആകെ തുക (₹) |
|---|---|---|---|---|---|---|
| 1 | 72/21 | 4230 | 3849 | 381 | 77 | 29337 |
| 2 | 196/21 | | | | 96 | 36576 |
| | ആകെ | | | | 173 | 65913 |

14.11.2019 ലെ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 7(1) & 7(2) തീരുമാനത്തിൽ, ലഭിച്ച ടെണ്ടറുകളിൽ ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനം 5 വർഷം ഗ്യാരണ്ടിയുള്ള മഹാഗണി തടിയിൽ തീർത്ത കട്ടിൽ ₹4230/- ക്ക് വിതരണം ചെയ്യുന്നതിനായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ടെന്നും മുൻ വർഷം ഇതേ സ്ഥാപനം വിതരണം ചെയ്ത കട്ടിൽ വളരെ ഗുണമേന്മയുള്ളതായിരുന്നുവെന്നും യോഗം വിലയിരുത്തുകയും ആയതിനാൽ ഇതേ ടെണ്ടർ ഈ വർഷവും അംഗീകരിക്കുന്നതിനും ടെണ്ടറിൽ പറഞ്ഞ നിരക്കിൽ കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിനും ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

കട്ടിലുകൾ വാങ്ങിയതിന് ശേഷം 28.01.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(18) തീരുമാനത്തിൽ ടെണ്ടറുകൾ പ്രോക്വയർമെന്റ് കമ്മിറ്റി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരസ്യത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് ഉപരിയായി ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനം കട്ടിലിന്റെ ഇഴകയുടെയും കാലുകളുടെയും വലിപ്പം യഥാക്രമം 4x2ഇഞ്ച്, 2x2ഇഞ്ച് എന്ന് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും പ്രക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ അഭിപ്രായവും മുൻവർഷം സ്ഥാപനം വിതരണം ചെയ്ത കട്ടിൽ ഗുണമേന്മയുള്ളതാണെന്ന ഗുണഭോക്താക്കളുടെ അഭിപ്രായവും പരിഗണിച്ച് 5 വർഷം ഗ്യാരണ്ടിയുള്ള മഹാഗണി തടിയിൽ തീർത്ത കട്ടിൽ ₹4230/- വാങ്ങി വിതരണം ചെയ്യുന്നതിന് ഹായ് ട്രേഡേഴ്സിനെ തെരഞ്ഞെടുത്ത നടപടികൾ സാധൂകരിച്ചും സപ്ലൈയർക്ക് ബിൽ പ്രകാരമുള്ള തുക അടിയന്തരമായി അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോട് നിർദ്ദേശിച്ചും തീരുമാനിച്ചിട്ടുണ്ട്.

പ്രോക്യൂർമെന്റ് കമ്മിറ്റി സാമ്പിൾ പരിശോധിക്കുകയോ, പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ തടികൊണ്ട് നിർമ്മിക്കുന്ന ഫർണിച്ചർ പരിശോധിക്കുവാൻ ക്ഷമതയുള്ള ആരെയും ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നിരിക്കെയാണ് ഉയർന്ന നിരക്കിലുള്ള കട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങുകയും ആയതിന് പിന്നീട് കമ്മിറ്റി സാധൂകരണം നൽകുകയും ചെയ്തു. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെടാത്ത സ്പെസിഫിക്കേഷനായ ഇഴകയുടെയും കാലുകളുടെയും വലിപ്പം ഒരു ടെണ്ടറിൽ മാത്രം രേഖപ്പെടുത്തി എന്നതുകൊണ്ട് ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ അതിൽ കുറഞ്ഞ അളവിലുള്ള സാധനങ്ങളാണ് സപ്ലൈ ചെയ്യുന്നത് എന്ന നിഗമനത്തിൽ എത്തുന്നത് തീർത്തും അനുചിതമാണ്.

വാങ്ങൽ നടപടികൾ സംബന്ധിച്ച മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 ന്) ബിൽ തുക നൽകിയ സമയത്ത് ചുമതലയുണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഹായ് ട്രേഡേഴ്സിന് സപ്ലൈ ഓർഡർ നൽകി കട്ടിലുകൾ മാങ്കുളം ഗ്രാമ പഞ്ചായത്തിൽ എത്തിച്ച തീയതിക്കു ശേഷം മാത്രം വി.ഇ.ഒ. ആറാംമൈൽ സർക്കിളിന്റെ ചുമതലയേറ്റ താൻ പഞ്ചായത്ത് ഭരണസമിതിയുടെ 28.01.2020 ലെ 2(18) നമ്പർ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയും കട്ടിൽ അർഹമായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ക്ഷണിക്കുകയും സപ്ലൈഓർഡർ നൽകി കട്ടിലുകൾ വാങ്ങുകയും ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രോജക്ടുകളുടെ ടെണ്ടർ പ്രകാരം പങ്കെടുത്ത സ്ഥാപനങ്ങളുടെ സാമ്പിളുകൾ പഞ്ചായത്ത്

കമ്മിറ്റി പരിശോധന നടത്തിയിട്ടുള്ളതാണെന്നും അതിൽ സമയബന്ധിതമായി സാമ്പിളുകൾ ഹാജരാക്കുവാൻ കഴിയാത്തവരെയും കുറഞ്ഞ തുകയിൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ക്വാളിറ്റിയും ഫിനിഷിംഗും ഇല്ലാത്തവയേയും ഒഴിവാക്കി. ഹായ് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ സാമ്പിൾ, ക്വാളിറ്റിയും ഫിനിഷിംഗും ഉള്ളതായി വിലയിരുത്തി ₹4230/- ക്ക് ടി കട്ടിലുകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ച്, നിർവ്വഹണ ഉദ്യോഗസ്ഥനെ തുക നൽകുന്നതിന് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തുക മാറി നൽകിയിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ സ്ഥാപനങ്ങളോട് ആവശ്യപ്പെടുകയോ പ്രോക്യൂർമന്റ് കമ്മിറ്റി/ പഞ്ചായത്ത് കമ്മിറ്റി സാമ്പിൾ പിരിശോധിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാസ്തവ വിരുദ്ധമായ ടി മറുപടി അംഗീകരിക്കാവുന്നതല്ല. കുറഞ്ഞ നിരക്ക് അംഗീകരിക്കാത്തതിനാൽ ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള 65913/- രൂപയുടെ നഷ്ടം പൂർണ്ണമായും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം പോലും വാങ്ങാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിടം എസ്.സി.പി (42/21),ടി.എസ്. പി (260/21) പദ്ധതികൾക്കായി ₹466900/-,₹385816/-വീതവും വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയ്ക്കായി ₹230000/-യും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്.പദ്ധതിയ്ക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ലെങ്കിലും വാർഷിക പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം(സുലേഖ) ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. സാംഖ്യ അക്കൗണ്ടിൽ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ₹148529/- മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | S0245/21 പി.എച്ച്.സി കെട്ടിട നിർമ്മാണത്തിനായി ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 120030500001 തീ.28.01.20201 | 148529 | 0 | 148529 |

### 4-4 മൊബിലൈസേഷൻ മുൻകൂർ വിവരം

ഇല്ല.

### 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹3300000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വരവ് ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി.എഫ്.സി. | സ.ഉ(സാധാ) 110/2018 13.08.2018 | 78061615 | 3300000 | 3691360 | - | 77670255 |
| ജവഹർ ഭവനപദ്ധതി | സ.ഉ(സാധാ) 1577/15/ ത.സ്വ.ഭ.വ തീ.27.5.2015 | 2999500 | - | - | - | 2999500 |

ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിനായി ₹ 5807568/- വികസനഫണ്ട് അലോട്ട്മെന്റ് തുകയിൽ നിന്നും സർക്കാർ നേരിട്ട് കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ₹ 3691360/- യുടെ വായ്പാ തിരിച്ചടവ് പ്രൊജക്ടുകൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ₹ 2116208/- യുടെ വായ്പാ തിരിച്ചടവ് സാംഖ്യാ കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള വായ്പാ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വായ്പാ തിരിച്ചടവിന്റെ കൃത്യത ഉറപ്പ് വരുത്തി വായ്പാ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച ₹380/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2011-12 | 3-24 | 380 | ശ്രീ സി.കെ തോമസ്കുട്ടി, ഹെഡ് ക്ലർക്ക് | 120050100188 തീ.14.07.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-1 | 2010-11 | 5.2.22(1) | വൈദ്യുതി ഇല്ലാതെ വൈദ്യുതി നിലയം ചെലവ് ₹83.57 ലക്ഷം | തീർപ്പ് കല്പിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 2-5 | ശ്രീ.കെ.വിജയകുമാർ | LF-19385/ Sp.Cell/ CSC/C1/04 Dt.13.07.15 | 1100 | | | | | | 1100 | |
| 2 | 2001-02 | 2-6 | ശ്രീ.കെ.വിജയകുമാർ | LF-19385/ Sp.Cell/ CSC/C1/04 Dt.13.07.15 | 4955 | | | | | | 4955 | |
| 3 | 2001-02 | 2-7 | ശ്രീ.പി.എൻ.സുരേന്ദ്രൻ കൃഷി ഓഫീസർ | LF-19385/ Sp.Cell/ CSC/C1/04 Dt.05.05.2005 | 14100 | | | | | | 14100 | |
| 4 | 2003-04 | 3-2 | ശ്രീ.പി.വി.മത്തായി അസി. എൻജിനീയർ | LF-14221/ Sp.Cell/ CSC/C1/07 Dt.17.10.09 | 9137 | | | | | | 9137 | |
| 5 | 2003-04 | 3-2 | ശ്രീ.കെ.ജെ.ജോസ് അസി.എക്സി. എൻജിനീയർ | LF-14221/ Sp.Cell/ SC2/07 Dt.17.10.09 | 9138 | | | | | | 9138 | |
| 6 | 2010-11 | 3-8 | ശ്രീ.കെ.സുബ്രഹ്മണ്യൻ അസി. എൻജിനീയർ | LF-2408/ Sp.Cell/ CSC/C1/14 Dt.08.03.2016 | 6207 | Rt.No. 11605100222 Dt.22.07.16 | | | | 6207 | 0 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹27804635 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹83196413 |
| ആകെ | 111001048 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80165612 |
| നീക്കിയിരിപ്പ് | 30835436 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് | 65913 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 363750 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | ₹65913/- | ശ്രീ.ഷിയാസ് അഹമ്മദ് മുഹമ്മദ് ഷാജി,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 363750 | ശ്രീ എ ഗോപകുമാർ,ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി.) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
-ഇല്ല-

(ഇ.) റിപ്പോർട്ടിൽ പ്രതിപാദിച്ച നഷ്ടത്തിന്/തടസ്സത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഔദ്യോഗിക മേൽവിലാസവും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിയാസ് അഹമ്മദ് മുഹമ്മദ് ഷാജി,<br>വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വി.ഇ.ഒ.,<br>മുഖത്തല ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം | സഫമൻസിൽ,<br>നെടുയം പി.ഒ.,<br>കൊല്ലം ജില്ല. |
| ശ്രീ ഗോപകുമാർ,<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി,<br>മാങ്കുളം ഗ്രാമപഞ്ചായത്ത് | കൃഷ്ണഭവൻ,<br>കരിപ്പുഴ പി ഒ,<br>മാവേലിക്കര, ആലപ്പുഴ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.എ‌െ-9/63/03/07-02-04 | 3 | 2-5, 2-6, 2-7,10(1) |
| 2003-04 | എൽ.എഫ്.എ‌െ-9/503/06/24-08-2006 | 4 | 2-1(2),3-2,3-3,3-4 |
| 2004-05 | എൽ.എഫ്.എ‌െ-9/1073/07/03-09-2009 | 3 | 3-2,3-3,3-4 |
| 2005-06 | എൽ.എഫ്.എ‌െ-9/1073/07/03-09-2009 | 2 | 3-3,3-4 |
| 2006-07 | എൽ.എഫ്.എ‌െ-9/187/10/06-08-2010 | 8 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-4 വരെ |
| 2007-08 | എൽ.എഫ്.എ‌െ-9/352/10/4-3-11 | 11 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-8 വരെ |
| 2008-09 | എൽ.എഫ്.എ‌െ-14/93/11/11-9-02 | 15 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-11 വരെ |
| 2009-10 | എൽ.എഫ്.എ‌െ-14/94/11/9-2-12 | 17 | 2-1 മുതൽ 2-8 വരെ<br>3-1 മുതൽ 3-9 വരെ |
| 2010-11 | എൽ.എഫ്.എ‌െ-14/465/12/15-1-2013 | 22 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-17 വരെ |
| 2011-12 | എൽ.എഫ്.എ‌െ-14/1497/13/14-7-2014 | 28 | 2-2, 2-3<br>3-1 മുതൽ 3-16 വരെ<br>3-18 മുതൽ 3-24 വരെ,<br>3-26, 3-27, 3-28 |
| 2012-13&<br>2013-14 | എൽ.എഫ്.എ‌െ-14/174/15/3-6-15 | 12 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-6 വരെ |

| | | | |
|---|---|---|---|
| | | | 3-8, 3-9 |
| 2014-15 | കെ..എസ്.എ.എെ.ഡി.കെ.995/16/ 28.07.16 | 9 | 2-1 മുതൽ 2-4 വരെ 3-1 മുതൽ 3-5 വരെ |
| 2015-16 | കെ..എസ്.എ.എെ.ഡി.കെ.14/9/17 തീ.6-01-2017. | 11 | 2-1 , 2-2 3-1 മുതൽ 3-9 വരെ |
| 2016-17 | കെ..എസ്എ.എെ.ഡി.കെ.14/1160/2017 തീ.18-08-2017. | 12 | 2-1 , 2-2, 2-3 3-1 മുതൽ 3-9 വരെ |
| 2017-18 | നം.കെ.എസ്.എ-എെ.ഡി.കെ-14/ 1406/2018 | 16 | 1-10, 1-12 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-9 വരെ 4-7, 4-8 |
| 2018-19 | നം.കെ.എസ്.എ- ഐ.ഡി.കെ-14/1074/2019 27.05.2020 | 18 | 1-11 മുതൽ 1-28 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്